"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) - ജീവനക്കാര്യം - പി.എസ്.സി.നിയമന ശിപാർശ ലഭിച്ച ശ്രീ.ആദർശ്.പി.ആർ ജി.സി.ഡി.എ-യിലെ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1349/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. 17.08.2007 തീയതിയിലെ G.O 2251/2007/LSGD നമ്പർ ഉത്തരവ്
2. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 08.10.2024 തീയതിയിലെ 5050/എസ്റ്റാ.1/2017/ജിസിഡിഎ നമ്പർ കത്ത്
3. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 09.01.2025 തീയതിയിലെ 9460/എസ്റ്റാ.1/2024/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഒഴിവുണ്ടായിരുന്നതും 11/10/2010 തീയതിയിൽ പി.എസ്.സി റിപ്പോർട്ട് ചെയ്തതുമായ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ ശ്രീ. ആദർശ് പി.ആർ എന്നവർക്ക് പി.എസ്.സി നിയമന ശിപാർശ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമന ശിപാർശയിന്മേൽ ശ്രീ. ആദർശ് പി.ആർ-നെ അതോറിറ്റിയിലെ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ നിയമിക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും പരാമർശം (2), (3) എന്നിവ പ്രകാരം ജിസിഡിഎ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടൗൺ പ്ലാനർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത കാലയളവിൽ (11/10/2010 തീയതിയിൽ) അതോറിറ്റിയിൽ ബാധകമായിരുന്നത് പരാമർശം (1) പ്രകാരമുള്ള എട്ടാം ശമ്പള പരിഷ്കരണ ഉത്തരവാണ് എന്നതിനാലും പി.എസ്.സിയ്ക്ക് ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പിൻവലിക്കാനാവില്ല എന്നതിനാലും നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നല്കി നിയമിക്കുക നിയമനാധികാരിയുടെ ഉത്തരവാദിത്തമായതിനാലും 11/10/2010 തീയതിയിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തതും വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഒഴിവുണ്ടായിരുന്നതുമായ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ കേരള പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച ശ്രീ. ആദർശ് പി.ആർ എന്നവരെ നിയമിക്കുന്നതിന് അനുമതി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ജി.സി.ഡി.എ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/239/2024-ധന(2965874), dated 23.03.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 31-05-2025 16:59:13
സെക്ഷൻ ഓഫീസർ